## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4111

13.12.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. രാജുഎബ്രഹാം
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. എൻ. വിജയൻ പിള്ള
ശ്രീ. പി.ടി.എ. റഹീം

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**നികുതി പിരിവിലെ കാര്യക്ഷമത വർദ്ധിപ്പിക്കൽ**

| | | |
|---|---|---|
| (എ) | മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മൂലധന ചെലവ് ശരാശരി 34.70 ശതമാനം വളർച്ച രേഖപ്പെടുത്തിയത് മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശരാശരി 6.60 ശതമാനമായും അവസാന വർഷങ്ങളിൽ വളർച്ച ന്യൂനമായിത്തീരുകയും ചെയ്തു. സംസ്ഥാനത്തിന്റെ വികസനത്തെ പിന്നോട്ടടിപ്പിച്ചതിൽ നിന്നും കരകയറ്റാനായി നടത്തി വരുന്ന ശ്രമം വിശദമാക്കാമോ; | ബജറ്റിലൂടെയുള്ള മൂലധന ചെലവ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾക്ക് പര്യാപ്തമല്ലായെന്ന് സർക്കാരിന് ബോദ്ധ്യമുണ്ട്. അതിന്റെ വെളിച്ചത്തിൽ ചുവടെ ചേർക്കുന്ന നൂതന ധന സമാഹരണ നടപടികൾ അവലംബിച്ചിട്ടുണ്ട്.<br>വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.<br>1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 40,000/- കോടിയോളം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. |
| (ബി) | ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് സാധ്യമായതിന്റെ 75 ശതമാനത്തിനടുത്തു മാത്രം നികുതി സമാഹരിക്കാൻ കഴിഞ്ഞിരുന്നത് മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ട മുഖ്യ നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി. |
| (സി) | നികുതി പിരിവിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മാന്ദ്യ പ്രതിരോധത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | |

| | | |
|---|---|---|
| | | 4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളുടെയും, നോട്ട് നിരോധനത്തിന്റെയും, വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ് ഘടനയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും, ആർ.ബി.ഐ. യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 40,000/- കോടിയോളം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും.<br>സമ്പൂർണ്ണ പാർപ്പിടം ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി 2018-19-ൽ 2,500/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കും.<br>പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയും നെല്ല് സംഭരണം, തരിശു ഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായിക അടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക, റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും, കാലിത്തീറ്റ |

| | | |
|---|---|---|
| | | സബ്സിഡിയ്ക്കും, ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ഉറപ്പ് വരുത്തുന്നതിനും 2018-19 ലെ ബഡ്ജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി.<br>2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150/- കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും, കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000/- കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**